പാഠ്യഭാഗങ്ങളം നീക്കംചെയ്യണമെന്ന ആവശ്യം

958 [1154] ശ്രീ. - ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസിലെ ചരിത്ര പാഠപുസ്തകത്തിൽനിന്ന് ഏതെങ്കിലും ഭാഗം നീക്കം ചെയ്യണമെന്ന് ഏതെങ്കിലും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തെപ്പറ്റി സിമി എന്ന സംഘടനയുടെ ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) പാഠപുസ്തകങ്ങളിൽ തെറ്റായ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കോട്ടൺഹിൽ സ്കൂളിലെ തമിഴ് അദ്ധ്യാപികയുടെ നിയമനം

959 [1155] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിലെ അഞ്ചും ആറും ഏഴും സ്റ്റാൻഡേർഡുകളിലേക്ക് പരിശീലനം സിദ്ധിച്ച തമിഴ് അദ്ധ്യാപികയെ നിയമിക്കണമെന്ന അപേക്ഷ സർക്കാരിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സർക്കാർ എന്തു നടപടി എടുത്തു;

(സി) മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപിക മലയാളത്തിൽ മാത്രം പരിശീലനം സിദ്ധിച്ച ആളും അതേ ക്ലാസ്സിലെ തമിഴ് വിദ്യാർത്ഥികളുടെ സഹായത്താൽ തമിഴ് പഠിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് പരിശീലനം സിദ്ധിച്ച ഒരു തമിഴ് അദ്ധ്യാപികയെ ഉടനടി നിയമിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ:?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷനിൽ ആവശ്യമായ തമിഴ് അദ്ധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly